# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2016 ഫെബ്രുവരി 16, ചൊവ്വ

നിയമസഭ രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുള്ള വിഷയം ജുഡീഷ്യൽ കമ്മീഷനെക്കുറിച്ചായതിനാൽ സഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല.

ശ്രീ. മാത്യു ടി. തോമസ്: അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത് ജുഡീഷ്യൽ കമ്മീഷന്റെ നടപടികളെ സംബന്ധിച്ചല്ല. സർക്കാർ നിയമിച്ച കമ്മീഷനെക്കുറിച്ച് "വായിനോക്കികളുടെ മുൻപിൽ മുഖ്യമന്ത്രി പോയി നിൽക്കുന്നു" എന്ന പരാമർശം നടത്തി ഒരു മന്ത്രി കമ്മീഷനെ അപകീർത്തിപ്പെടുത്തിയതു സംബന്ധിച്ചാണ് . അത് അനുവദിക്കേണ്ടതാണ്.

മി. സ്പീക്കർ: ജുഡീഷ്യൽ കമ്മീഷനെക്കുറിച്ച് പരാമർശം നടത്തിയിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കാനുള്ള അവകാശം കമ്മീഷനുണ്ട്. ആ കാര്യം സഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല. അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

ഹൈസ്പീഡ് റെയിൽ പദ്ധതി

ശ്രീ. ബെന്നി ബെഹനാൻ: സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഹൈസ്പീഡ് റെയിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൂപ്പർ ഹൈവേ നിർമ്മിക്കുന്നതിനുള്ള നടപടി നിർത്തിവച്ചിരിക്കുകയാണ്. വെഹിക്കിൾ പോപ്പുലേഷൻ ഏറ്റവും കൂടുതലുള്ള കേരളത്തിൽ റോഡുകളുടെ വീതി കൂട്ടിയാലും ദിനംപ്രതി അപകടമരണങ്ങളും എയർ പൊല്യൂഷനും കൂടിവരികയാണ്. ഹൈസ്പീഡ് റെയിൽവേയ്ക്ക് റോഡ്

ഗതാഗതത്തേക്കാൾ സ്ഥലം കുറച്ചു മതിയാകുന്നതാണ്. ഹൈസ്പീഡ് റെയിൽവേ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 9.40-ന് നിർത്തിവച്ച സഭ 10.32-ന് പുനരാരംഭിച്ചുവെങ്കിലും അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ തുടർന്ന് നിർത്തിവച്ച ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതും സ്ഥലം ഉടമകളുടെ സഹകരണത്തോടെ സ്ഥലമേറ്റെടുത്ത് പ്രസ്തുത പദ്ധതി എലിവേറ്റഡ് റെയിൽവേ ലൈൻ എന്ന രീതിയിൽ നടപ്പിലാക്കുന്നതുമാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

**സബ്മിഷൻ**

(1) ചട്ടങ്ങൾ ലഘൂകരിച്ച് ധനസഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. പി. കെ. ബഷീർ</u>: കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയുള്ള ധനസഹായം ലഭ്യമാകുന്നതിലുള്ള കാലതാമസംമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പുതുതായി ഏർപ്പെടുത്തിയ ചട്ടങ്ങൾ ലഘൂകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയുള്ള ധനസഹായം അർഹതപ്പെട്ടവർക്ക് യഥാസമയം ലഭ്യമാക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

(2) <u>എച്ച്.ആർ. കരാർ തൊഴിലാളികളുടെ നിയമനം</u>

<u>ശ്രീ. കെ. മുരളീധരൻ</u>: കേരള വാട്ടർ അതോറിറ്റിയിൽ പണിയെടുക്കുന്ന എച്ച്.ആർ. കരാർ തൊഴിലാളികളെ എസ്.എൽ.ആർ. തൊഴിലാളികളായി സ്ഥിരപ്പെടുത്തുന്നതിനും സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): കേരള വാട്ടർ അതോറിറ്റിയിൽ പമ്പിംഗ് ജോലികൾക്ക് പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തുന്നതെങ്കിലും അത്യാവശ്യ ഘട്ടങ്ങളിൽ പ്രസ്തുത ജോലികൾ കരാറടിസ്ഥാനത്തിൽ നടത്താറുണ്ട്. കരാർ തൊഴിലാളികൾക്ക് ജല അതോറിറ്റിയുമായി യാതൊരു ബന്ധവുമില്ലാത്തതിനാൽ

അവരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല.

(3) കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: 11.02.2016-ന്നുണ്ടായ ശക്തമായ മഴയെത്തുടർന്ന് തൃശ്ശൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പുല്ലഴി കോൾപ്പടവിലെ കൃഷിനാശം സംഭവിച്ച നെൽകർഷകർക്ക് ധനസഹായം നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ കൃഷിഭവൻ പരിധിയിലെ പുല്ലഴി പാടശേഖരത്തിൽ 11.02.2016-ന്നുണ്ടായ ശക്തമായ മഴയിൽ വിളവെടുപ്പിന് പാകമായ നെൽച്ചെടികൾ നശിച്ച പാടശേഖരത്തിൽനിന്നും വെള്ളം ഒഴുക്കിക്കളയുന്ന ജോലി നടന്നുവരികയാണ്. യഥാർത്ഥ നാശനഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(4) വെൺപകൽ എൽ.പി.ബി.എസ്.-നെ യു.പി.എസ്. ആയി ഉയർത്തൽ

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വെൺപകൽ സർക്കാർ എൽ.പി. ബോയ്സ് സ്കൂളിനെ യു.പി. സ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വെൺപകൽ സർക്കാർ എൽ.പി. ബോയ്സ് സ്കൂളിലും

എൽ.പി. ഗേൾസ് സ്കൂളിലും ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ കുട്ടികളുടെ എണ്ണം വളരെ കുറവാണെന്ന് കണ്ടതിനാൽ ഈ രണ്ട് സ്കൂളുകളെയും ലയിപ്പിച്ച് ഒറ്റ സ്കൂളായി പ്രവർത്തിക്കുവാൻ ശിപാർശ ചെയ്യുകയുണ്ടായി. നിലവിൽ വിദ്യാർത്ഥികളും സൗകര്യങ്ങളും കൂടുതലുള്ള സർക്കാർ ഗേൾസ് എൽ.പി. സ്കൂളിലേയ്ക്ക് ഏകീകരിച്ച സ്കൂളിന്റെ പ്രവർത്തനം മാറ്റാവുന്നതും ഒഴിവുവരുന്ന സർക്കാർ ബോയ്സ് സ്കൂൾ കെട്ടിടത്തിലേയ്ക്ക് രണ്ട് സ്കൂളുകളിലെയും നിലവിലുള്ള പ്രീപ്രൈമറി സെക്ഷൻ മാറ്റാവുന്നതാണെന്നും അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരെ ഉചിതമായ രീതിയിൽ പുനർവിന്യസിക്കുന്നതിനും ഉത്തരവ് നൽകുകയുണ്ടായി. സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതിയ സ്കൂളുകൾ ആരംഭിക്കുവാനോ പാടില്ലെന്ന സർക്കാർ ഉത്തരവ് നിലവിലുള്ള സാഹചര്യത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയം രൂപീകരിക്കണമെന്നും സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയശേഷം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുംവരെ ഒരു സ്കൂളും

അപ്ഗ്രേഡ് ചെയ്യരുതെന്നുള്ള ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. തസ്തിക നിർണ്ണയം, അദ്ധ്യാപക പാക്കേജ്, അദ്ധ്യാപക പുനർവിന്യാസം എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെൺപകൽ സർക്കാർ എൽ.പി.ബി.എസും എൽ.പി.ജി.എസും സംയോജിപ്പിക്കുന്ന കാര്യം പുന:പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(5) <u>സിന്തറ്റിക് ട്രാക്കും കായിക ഉപകരണങ്ങളും നൽകാൻ നടപടി</u>

<u>ശ്രീ. സി. മോയിൻകുട്ടി</u>: തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പുല്ലൂരാംപാറ ഹയർ സെക്കന്ററി സ്കൂളിന് സിന്തറ്റിക് ട്രാക്കും മലബാർ സ്പോർട്സ് അക്കാദമിക്ക് ആവശ്യമായ കായിക ഉപകരണങ്ങളും നൽകാൻ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിന് സിന്തറ്റിക് ട്രാക്ക്, മലബാർ സ്പോർട്സ് അക്കാദമിക്ക് ബാസ്കറ്റ് ബോൾ കോർട്ട്, വോളിബോൾ കോർട്ട് തുടങ്ങിയ ആധുനിക പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ വകുപ്പിനോ സ്പോർട്സ് കൗൺസിലിനോ നാളിതുവരെ ലഭിച്ചിട്ടില്ല. ഇത്തരം സ്ഥാപനങ്ങൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് പബ്ലിസിറ്റി

ശീർഷകത്തിൽനിന്നും ധനസഹായം നൽകുന്നതിനായി യുവജന കാര്യാലയം എല്ലാ വർഷവും അപേക്ഷ ക്ഷണിക്കാറുണ്ട്. പ്രസ്തുത അപേക്ഷ സമർപ്പിച്ചാൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതാണ്.

(6) താനൂർ തീരദേശവാസികൾക്ക് പട്ടയം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ നിയോജകമണ്ഡലത്തിലെ തീരദേശവാസികൾക്ക് നിയമാനുസൃതമുള്ള പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): താനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട തീരദേശ നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വില്ലേജ്തലത്തിൽ പൂർത്തിയായിവരികയാണ്. തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾക്ക് ദൂരപരിധിയിൽ ഇളവ് ലഭ്യമാക്കുകയും ഫിഷറീസ് വകുപ്പിന്റെ അനുമതി ആവശ്യമുള്ള കേസ്സുകളിൽ അനുമതി ലഭിക്കുകയും തീരദേശ റീസർവ്വേ പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(7) ഫെയർ വാല്യുവിൽനിന്നും ഒഴിവാക്കൽ

ശ്രീ. വി. ഡി. സതീശൻ: നെൽവയൽ-തണ്ണീർത്തട നിയമവും ചട്ടവും അനുസരിച്ച് 2008-നുമുമ്പ് നികത്തിയ നിലങ്ങൾ ക്രമവൽക്കരിക്കുമ്പോൾ

ഗ്രാമപ്രദേശങ്ങളിൽ 10 സെന്റിന് താഴെയുള്ളവരെയും നഗരപ്രദേശങ്ങളിൽ 5 സെന്റിന് താഴെയുള്ളവരെയും ഫെയർവാല്യൂവിന്റെ 25 ശതമാനം അടയ്ക്കണമെന്ന വ്യവസ്ഥയിൽനിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2008-നു മുമ്പ് നികന്നുപോയതോ നികത്തപ്പെട്ടതോ ആയ ഭൂമിയുടെ ന്യായവിലയുടെ 25% ഈടാക്കി ക്രമവത്കരിക്കാവുന്നതും ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത സംഗതിയിൽ ടി ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ ഭൂമിയുടെ ന്യായവിലയുടെ 25%-ത്തിന് തുല്യമായ തുക ഫീസായി ഈടാക്കികൊണ്ട് രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവത്കരിക്കുന്ന തരത്തിലാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഭേദഗതി അനുസരിച്ച് 2008-നുമുമ്പ് നികന്നുപോയതോ നികത്തപ്പെട്ടതോ ആയ നിലങ്ങളിൽ ഗ്രാമീണ മേഖല, നഗര മേഖല എന്ന വേർതിരിവോ പ്രസ്തുത മേഖലകളിൽ ഒഴിവാക്കി നൽകാവുന്ന വസ്തുവിന്റെ അളവിനെക്കുറിച്ചോ പ്രതിപാദിക്കുന്നില്ല. നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് പഞ്ചായത്ത് മേഖലയിൽ പത്തും മുനിസിപ്പാലിറ്റി-കോർപ്പറേഷൻ മേഖലകളിൽ അഞ്ചും സെന്റിന് താഴെ ഭൂമിയുള്ളവരെ നിയമത്തിന്റെ 3 എ വകുപ്പിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരുന്നതും

2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചട്ടത്തിൽ ഭേദഗതി വരുത്തിയാൽ മതിയാകുമോയെന്നതും സംബന്ധിച്ച് നിയമപരമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) താലോലം, ക്യാൻസർ സുരക്ഷാ പദ്ധതികൾ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജ്, തിരൂർ ജില്ലാശുപത്രി എന്നിവയെ താലോലം, ക്യാൻസർ സുരക്ഷാ പദ്ധതികൾ പ്രകാരമുള്ള സൗജന്യ ചികിത്സാ സഹായം നല്കുന്ന ആശുപത്രികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 18 വയസ്സ് വരെ പ്രായമുള്ള മാരകരോഗം പിടിപ്പെട്ട കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ ആശുപത്രികൾ മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി നിരവധി പേർക്ക് സഹായം ലഭ്യമാക്കുകയും നടപ്പുവർഷം ഏഴ് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയെ താലോലം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്തുകയും പദ്ധതിയുടെ ഭാഗമായി ആശുപത്രിയിൽ കൗൺസിലറെ നിയമിക്കുന്നതിന് നിർദ്ദേശം നൽകുകയും നോഡൽ ഓഫീസറെ നിലവിലുള്ള ഡോക്ടർമാരിൽനിന്നും

നിയോഗിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് കൈമാറുന്നതാണ്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പതിനെട്ട് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ക്യാൻസർ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിക്കായി നിലവിൽ മലപ്പുറം ജില്ലയിലെ ആശുപത്രികളെ എംപാനൽ ചെയ്തിട്ടില്ല. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയെ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഗൗരവമായി പരിശോധിച്ച് എംപാനൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ 3(1), (2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സഭ

അംഗീകരിച്ചു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനം

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## സ്റ്റാറ്റ്യൂട്ടറി പ്രമേയം

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): പാർലമെന്റ് പാസ്സാക്കിയ 2013-ലെ Prohibition of Employment & Manual Scavengers and their Rehabilitation Act, 2013 ഡിസംബർ മാസം 6-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ ഭരണഘടനയുടെ 252-ാം അനുച്ഛേദം 1-ാം ഖണ്ഡിക പ്രകാരം എംപ്ലോയ്മെന്റ് ഓഫ് മാനുവൽ സ്കാവഞ്ചേഴ്സ് &കൺസ്ട്രക്ഷൻ ഓഫ് ഡ്രൈ ലാട്രിൻസ്(പ്രൊഹിബിഷൻ) ആക്ട് 1993 എന്ന കേന്ദ്ര നിയമം 22-07-2002 മുതൽ ഒരു പ്രമേയത്തിലൂടെ സംസ്ഥാനത്ത് സ്വീകരിച്ചുകൊണ്ട് കേരള നിയമസഭ പാസ്സാക്കിയ പ്രമേയം പിൻവലിക്കുന്നതായി സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(ശ്രീ. കെ.സി. ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## ധനകാര്യം

### 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ജനോപകാരപ്രദമായ പല കാര്യങ്ങളും ജനങ്ങളിലെത്തിക്കുന്ന സർക്കാരിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള ഇടപെടലാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള നിരവധി പദ്ധതികൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. എം. പി. അബ്ദുസമദ് സമദാനി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അഭിമാനത്തോടുകൂടിയാണ് അഞ്ചുവർഷത്തെ കാലാവധി പൂർത്തിയാക്കുന്നത്. നിരവധി ദുഷ്പ്രചരണങ്ങളുണ്ടായിട്ടും അത് സർക്കാരിന്റെ

കാര്യക്ഷമതയെയോ പ്രവർത്തനശൈലിയെയോ ബാധിച്ചിട്ടില്ല. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയ്ക്കെതിരെ ഒന്നിച്ചുനിന്ന് പ്രവർത്തിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മതേതരത്വം സംരക്ഷിക്കുന്ന കാര്യത്തിൽ ഉറച്ച നിലപാട് സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങൾ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനത്തിനും ജനങ്ങളുടെ താല്പര്യത്തിനും മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കിവരുന്നത്. പാവപ്പെട്ടവരും സാധാരണക്കാരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുടങ്ങിക്കിടന്നിരുന്ന കുടിവെള്ള പദ്ധതികൾ പുനരാരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മേജർ ഡിസ്ട്രിക്ട് റോഡുകൾ, അദർ ഡിസ്ട്രിക്ട് റോഡുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷനിൽ നിന്നും റോഡ് വികസനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന്

നടപടി സ്വീകരിക്കണം. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കിമാത്രമേ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഹൈ സ്പീഡ് റെയിൽ കോറിഡോർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നടപ്പാക്കാവൂ. കേരള സയൻസ് സിറ്റിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സപ്ലിമെന്ററി ഡിമാന്റിൽ തുക വകയിരുത്തണം. റബ്ബർ കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവിലയായ 150 രൂപ അടിയന്തരമായി ലഭ്യമാക്കണം.

<u>ശ്രീ. വി. റ്റി. ബൽറാം</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനത്തിന് ദീർഘവീക്ഷണത്തോടെയുള്ള സമീപനമാണ് ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. റബ്ബർ കർഷകരെ രക്ഷിക്കുന്നതിന് വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കുകയും പച്ചത്തേങ്ങ സംഭരണത്തിനും നെല്ല് സംഭരണത്തിനും കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനും ഓട്ടിസവും മറ്റു വൈകല്യങ്ങളും ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമുൾപ്പെടെ തുക നീക്കിവച്ചുകൊണ്ട് സാമൂഹ്യസുരക്ഷിതത്വത്തിന് ബഡ്ജറ്റിൽ മുൻഗണന നൽകിയിട്ടുണ്ട്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രഖ്യാപിച്ചിരിക്കുന്ന പെൻഷൻ തുക യഥാക്രമം 2000 രൂപയും

1500 രൂപയുമാക്കി വർദ്ധിപ്പിക്കണം. മുൻ പഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് തുക അനുവദിക്കുന്നതിനും തൃത്താല നിയോജകമണ്ഡലത്തിലെ ചാലിശ്ശേരി സി.എച്ച്.സി.യെ താലൂക്കാശുപത്രിയാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ആർ. സെൽവരാജ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നിരർത്ഥകമായ സമരങ്ങളാണ് ഈ സർക്കാരിനെതിരെ പ്രതിപക്ഷം നടത്തുന്നത്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പാഞ്ചിക്കാട്ട്കടവ് പാലം യാഥാർത്ഥ്യമാക്കുന്നതിനും പുതിയ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടം പണിയുന്നതിനും നെയ്യാറ്റിൻകര താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തുന്നതിനും സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അതിയന്നൂർ സി.എച്ച്.സി.യെ താലൂക്കാശുപത്രിയാക്കി ഉയർത്തുന്നതിനും നെയ്യാറ്റിൻകരയിൽ കുടുംബകോടതി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, മൊബിലിറ്റി ഹബ്ബ്, സ്മാർട്ട് സിറ്റി, ലൈറ്റ് മെട്രോ തുടങ്ങിയ വൻകിട പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സർക്കാരിന് കഴിഞ്ഞു. സാധാരണക്കാരന് ചികിത്സാ ധനസഹായം നൽകുന്നതിനായി കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പിലാക്കി. ക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 16311 കോടി രൂപയും സാധാരണക്കാർക്ക് സൗജന്യമായി മരുന്നുനൽകാൻ 1156 കോടി രൂപയും ചെലവഴിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിനായി പതിനേഴ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. കോഴിക്കോട് വിമാനത്താവളത്തിന്റെ ലാന്റ് അക്വിസിഷനും വികസനത്തിനും മുദിയം ബീച്ച് പാലത്തിന്റെ നിർമ്മാണത്തിനും ആവശ്യമായ തുക അനുവദിക്കാനും പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും കരുതലുമാണ് സർക്കാരിന്റെ മുഖമുദ്ര. റബ്ബർ കർഷകരെ സഹായിക്കുന്ന വില സ്ഥിരതാപദ്ധതിക്കായി 500 കോടി രൂപയാണ് ഈ വർഷം നീക്കിവച്ചിട്ടുള്ളത്. കാലതാമസം കൂടാതെ റബ്ബർ കർഷകർക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്താനുള്ള നടപടി സ്വീകരിക്കണം. കസ്തൂരിരംഗൻ റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ച നിലപാടിന്റെ ഫലമായി

കേരളത്തിലെ ജനവാസകേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളിൽ നിന്നും ഒഴിവാക്കാൻ സാധിച്ചു. ജൈവകൃഷിക്കും ക്ഷീരവികസനത്തിനും പ്രോത്സാഹനം നൽകുന്നതോടൊപ്പം ഗ്രാമവികസനത്തിനും മലയോരവികസനത്തിനും ബഡ്ജറ്റിൽ പ്രാധാന്യം നൽകിയ നടപടി സ്വാഗതാർഹമാണ്. പട്ടികവർഗ്ഗ മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമാക്കി ദാരിദ്ര്യ നിർമ്മാർജ്ജനം, വിദ്യാഭ്യാസം, ഭവനപദ്ധതി എന്നിവയ്ക്ക് ഊന്നൽ നൽകുന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. വന്യജീവി ആക്രമണം തടയുന്ന നടപടികൾക്കാവശ്യമായ തുക വകയിരുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ചർച്ചയിൽ പങ്കെടുത്ത അംഗങ്ങളെ അഭിനന്ദിക്കുന്നു. സർക്കാരിനെതിരെ അഴിമതിയാരോപണം ഉന്നയിക്കുന്ന പ്രതിപക്ഷം ചർച്ചയിൽ പങ്കെടുക്കാതെ ഒളിച്ചോട്ടമാണ് നടത്തുന്നത്. ബഡ്ജറ്റ് ചോർന്നുവെന്ന പ്രതിപക്ഷത്തിന്റെ ആരോപണം അടിസ്ഥാനരഹിതമാണ്. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത രേഖയുടെ പ്രാഥമിക ഉറവിടം തിരിച്ചറിഞ്ഞിട്ടുണ്ട്. സർക്കാരിന് ധനാഗമമാർഗ്ഗങ്ങളെക്കുറിച്ച് ലക്ഷ്യബോധമില്ലെന്ന പ്രതിപക്ഷത്തിന്റെ ആരോപണം തെറ്റാണ്. ധനക്കമ്മി നികത്തുന്ന കാര്യത്തിൽ ഈ സർക്കാരിന് വ്യക്തമായ ദിശാബോധമുണ്ട്. ജി.എസ്.ടി നടപ്പിലാകുമ്പോഴുണ്ടാകുന്ന വരുമാന

വർദ്ധനവിലൂടെയും മൂലധന നിക്ഷേപത്തിലൂടെയും സാമ്പത്തികബാധ്യതകൾ മറികടക്കാൻ കഴിയും. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങൾ പരമാവധി പരിഗണിക്കുന്നതാണ്. റബ്ബറിന്റെ വിലത്തകർച്ച നേരിടുന്നതിനായി ചെറുകിട കർഷകർക്ക് കിലോയ്ക്ക് 150 രൂപ വില ഉറപ്പാക്കുന്ന വിലസ്ഥിരതാ പദ്ധതി നടപ്പാക്കിയതോടൊപ്പം അടുത്തവർഷത്തേയ്ക്ക് 500 കോടി രൂപ വകയിരുത്തുകയും ചെയ്തു. നെൽകർഷകരേയും നാളികേര കർഷകരേയും സഹായിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും എക്സൈസ് റൂളിൽ മാറ്റംവരുത്തി നീര ഉൽപാദിപ്പിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ലേല കേന്ദ്രങ്ങളിലൂടെ വിൽക്കുന്ന ഏലത്തിന്റെ വാറ്റ് നികുതി പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തു. നാളികേര അനുബന്ധ ഉൽപന്നങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, സ്മാർട്സിറ്റി, വിഴിഞ്ഞം തുറമുഖം എന്നീ വൻകിട പദ്ധതികൾ പ്രാവർത്തികമാക്കാൻ സാധിച്ചു. ഈ സർക്കാർ അഞ്ച് വർഷവും കാരുണ്യ സ്പർശമുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും

കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക

വിനോദം, കല സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഡോ. എം. കെ. മുനീർ: 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ സാമൂഹ്യസേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വർക്കല കഹാർ: 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28-02-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അങ്കണവാടി ജീവനക്കാരുടെ വേതനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അങ്കണവാടി ജീവനക്കാർക്ക് പെൻഷന് പുറമെ വിവിധ ആനുകൂല്യങ്ങളും ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെയാണ് ഈ ബിൽ

കൊണ്ടുവന്നിരിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിൽ മുഖ്യപങ്ക് വഹിക്കുന്ന അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി ക്ഷേമനിധി രൂപീകരിക്കുകയെന്ന ചിരകാല സ്വപ്നമാണ് ഈ ബില്ലിന്റെ അവതരണത്തിലൂടെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ഇതുസംബന്ധിച്ച് വിശദമായ ചർച്ച നടത്തുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ സാമൂഹ്യസേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട്

സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള അധിക ധനസമാഹരണത്തിനുള്ള നടപടികളുടെ ഭാഗമായാണ് മുൻകാല പ്രാബല്യത്തോടെ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം ഇതുസംബന്ധിച്ച് വിശദമായ ചർച്ച നടത്തുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ: 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28-02-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 1.46-ന് പിരിഞ്ഞു.

**************